# കൊച്ചുമോൾ കൊച്ചമ്മ: എന്റെ ഗുരുപത്നി

**ജോൺസൺ ജേക്കബ് മല്ലപ്പള്ളി**

ഗുരുശിഷ്യബന്ധത്തിന്റെ കാർക്കശ്യവും ദൃഢതയും പവിത്രതയും മൃദുലതയും എനിക്ക് ചൂണ്ടിക്കാണിച്ചുതന്ന പുസ്തകമാണ് ടിബറ്റൻ ബുദ്ധമത പാരമ്പര്യത്തിലെ ഗുരുവായ മാർപ്പയുടെയും ശിഷ്യനായ മിലരേപയുടെയും കഥ പറയുന്ന വിനയചൈതന്യസ്വാമി മലയാളത്തിലേക്ക് വിവർത്തനം ചെയ്ത 'മിലരേപ' (ഈ പുസ്തകത്തിന്റെ പുതിയ പതിപ്പ് ഈയിടെ ഡി.സി. ബുക്സ് പുറത്തിറക്കിയിട്ടുണ്ട്). മാർപ്പയുമൊന്നിച്ചുള്ള മിലരേപ്പയുടെ അതികഠിനമായ പരിശീലന കാലയളവിൽ മിലരേപയ്ക്ക് ആശ്വാസമായി നിലകൊള്ളുന്നയാളാണ് മാർപ്പയുടെ പത്നി.

മിലരേപ എന്ന പുസ്തകത്തിൽ വെളിപ്പെടുന്ന ഗുരുശിഷ്യബന്ധം ലഘുവായി ഞാൻ വിവരിക്കാൻ ശ്രമിക്കാം. പല കാരണങ്ങളാൽ, എന്നു പറഞ്ഞാൽ പോരാ, മിക്കവാറും തന്റേതല്ലാത്ത കാരണങ്ങളാൽ പാപമയമായ ജീവിതം നയിക്കേണ്ടി വന്ന വ്യക്തിയാണ് മിലരേപ. ആ ജീവിതത്തിൽ നിന്ന് മുക്തനായി രക്ഷയുടെ മാർഗ്ഗം തേടിയ മിലരേപ മാർപയെ ഒടുവിൽ കണ്ടുമുട്ടുന്നു. മാർപ പെട്ടെന്ന് തന്റെ അടുക്കൽ വരേണ്ട, താൻ ശിക്ഷണം നൽകേണ്ട മിലരേപയെ തിരിച്ചറിയുന്നുണ്ട്. പക്ഷേ, അതികഠിനമായ ശിക്ഷണമാർഗ്ഗത്തിലൂടെയാണ് ഗുരുവായ മാർപ ശിഷ്യനായ മിലരേപയെ കടത്തിവിടുന്നത്. ഈ സന്ദർഭങ്ങളിലൊക്കെ മാർപയുടെ, മിലരേപ അമ്മ എന്ന് വിളിച്ചുകൊണ്ടിരുന്ന, പത്നി മിലരേപ്പയെ ആശ്വസിപ്പിക്കുന്നുണ്ട്. ഒടുവിൽ ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയതിന് ശേഷമാണ് മിലരേപയ്ക്ക് മാർപ ദീക്ഷ നൽകുന്നത്. മാർപ്പ മിലരേപയുടെ തലയിൽ കൈവെച്ചുകൊണ്ട് പറയുന്നു:

"എന്റെ മകനെ, നീ ഉത്തമാധികാരിയായ ഒരു സശിഷ്യനാണെന്ന് തുടക്കം മുതൽതന്നെ എനിക്കറിയാമായിരുന്നു. നീ വന്നതിന്റെ തലേന്നുരാത്രി ഒരു സ്വപ്നത്തിൽ ബുദ്ധധർമ്മത്തിന് പുതുജീവൻ നൽകേണ്ടവനാണ് നീ എന്ന് എനിക്ക് വെളിവായി. ...... ഓരോ പ്രാവശ്യം അടിച്ചിറക്കി വിട്ടപ്പോഴും കയ്ക്കുന്ന പശ്ചാത്താപത്തിലും നിരാശയോളമെത്തുന്ന ദുഃഖത്തിലും നിന്നെ താഴ്ത്താൻ ഞാൻ മനഃപൂർവ്വം പണിപ്പെട്ടു. എന്നാൽ കാർപ്പണ്യമോ, പ്രതിഷേധമോ മറ്റ് ദുഃഷ്ചിന്തകൾ മൂലമോ അശ്രദ്ധവാനായില്ലെന്നു മാത്രമല്ല, നിന്റെ ജ്ഞാനദാഹം ഒന്നിനൊന്നു വർദ്ധിച്ചതേയുള്ളൂ (മിലരേപ, പേജ് 90–91). മാർപയുടെ ശിക്ഷണത്തിലൂടെ രക്ഷാമാർഗ്ഗം തിരിച്ചറിഞ്ഞ മിലരേപയുടെ ജീവിതം ആരെയും ആഴത്തിൽ സ്പർശിക്കുന്നതിന് ശക്തിയുള്ളതാണ്.

മിലരേപയുടെ ജീവിതകഥ വായിച്ചറിഞ്ഞ സമയത്തു തന്നെയാണ് കെ. എം. ജോർജ്ജ് അച്ചനെയും കൊച്ചുമോൾ കൊച്ചമ്മയെയും ഞാൻ കണ്ടുമുട്ടുന്നത്. ഏറെ കുറവുകൾ ഉള്ള എളിയവനായ ഞാൻ മാർപയെയും അദ്ദേഹത്തിന്റെ ധർമ്മപത്നിയെയും അവരിൽ തിരിച്ചറിയുവാൻ ശ്രമിച്ചുതുടങ്ങി. എന്റെ ആഗ്രഹം മനസ്സിലാക്കിയിട്ടാണ് എന്നു ഞാൻ വിശ്വസിക്കുന്നു, അതികഠിനം എന്ന് എനിക്ക് തോന്നുന്ന പരിശീലനത്തിലേക്കും പരീക്ഷണങ്ങളിലേക്കും അച്ചൻ എന്നെ കടത്തിവിട്ടുകൊണ്ടിരിക്കുന്നതായി എനിക്ക് അനുഭവപ്പെടുകയും ചെയ്തു. ചെറിയ അളവിലാണെങ്കിലും മിലരേപ അമ്മ എന്നു വിളിച്ച ഗുരുപത്നിയുടേതിന് സദൃശമായ സ്നേഹവും ആശ്വാസവും കൊച്ചമ്മ എനിക്ക് നൽകുകയും ചെയ്തു.

എനിക്ക് പരിചയപ്പെടാൻ സാധിച്ചിട്ടുള്ളവരിൽ ഏറ്റവുമധികം ശ്രേഷ്ടമായ വ്യക്തിത്വങ്ങളിൽ ഒരാളായ കൊച്ചമ്മയുടെ ദീപ്തമായ സ്മരണയ്ക്ക് മുമ്പിൽ സ്നേഹാഞ്ജലികൾ സമർപ്പിക്കുന്നു.

ആഗസ്റ്റ് 27, 2011.